₹15

സ്വാതന്ത്ര്യദിന പതിപ്പ്

ആഗസ്ത് 2017

Reg. No. KERMAL/2013/54527

# ഭാഷാശ്രീ

## സാംസ്കാരിക മാസിക



കവി:
മാത്യു
മാണിക്കത്താഴ

**അക്ഷരശ്രീ: എടവരാട് എ.എം.എൽ.പി.സ്കൂൾ**

കഥ

ശിവദാസൻ.എ.കെ

# യക്ഷി

യക്ഷി ഇപ്പോഴും താമസിക്കുന്നത് പാലമരത്തിന്റെ മുകളിൽത്തന്നെയാണ്.

കാലമിത്ര മാറിയിട്ടും അതിലൊരു മാറ്റം വേണമെന്ന് യക്ഷിക്കില്ല എന്നു തോന്നുന്നു. കാരണം നൂറ്റാണ്ടുകളായി അവളവിടെയാണല്ലോ താമസം.

ആഹാരകാര്യത്തിൽ എന്തായാലും മാറ്റമുണ്ട്. കാരണം യക്ഷി ഉണ്ട് എന്ന് പറയപ്പെട്ടിരുന്ന ഒരിടത്തു നിന്നും എല്ലോ, നഖമോ, മുടിയോ ഉപേക്ഷിക്കപ്പെട്ട നിലയിൽ അടുത്ത കാലത്തൊന്നും കണ്ടുകിട്ടിയില്ല.

മറ്റൊന്ന് രൂപമാണ്. യക്ഷിയെ കണ്ടവരെ ഞാൻ കണ്ടിട്ടില്ല. കണ്ടവരെപ്പറ്റിയുള്ള കഥകളെ ഉള്ളൂ. അത് പ്രധാനമായും രണ്ട് തരമാണ്. ആദ്യത്തേത് അതിസുന്ദരി , മുട്ടോളം മുടി , വെളുത്ത നിറം. എങ്ങിനെ വർണ്ണിച്ചാലും തീരില്ല. എന്ത് വസ്ത്രമാണ് ധരിക്കുക അതോ എന്തെങ്കിലും ധരിക്കുക പതിവുണ്ടോ എന്നതിന് ബ്ലൗസിനും മുലക്കച്ചയ്ക്കുമാണ് പ്രാധാന്യം എന്നു തോന്നുന്നു.

രണ്ടാമത്തേത് യക്ഷിയുടെ വിശ്വരൂപമാണ്. അതിൽ നിറം കറുപ്പാണ്. നീണ്ടു വളഞ്ഞ ദംഷ്ട്രങ്ങൾ , ഭയാനകമായ നഖങ്ങൾ, എല്ലു കൊണ്ടോ തലയോട്ടി കൊണ്ടോ ആടയാഭരണങ്ങൾ, തെങ്ങോളമുയരം, നഗ്നത ഇതെല്ലാമുണ്ട്.

ഇതിൽ ഏതു വിധേനയാണ് യക്ഷി എന്ന് കണ്ടറിയാതെ തരമില്ല. യക്ഷിയെ കുറിച്ച് എന്റെ മനസ്സിൽ നിരവധി സംശയങ്ങൾ പണ്ടു മുതലേ രൂപപ്പെട്ടിരുന്നു. അതിപ്പോൾ ഒരു പത്രക്കാരന്റെ അന്വേഷണത്വരയുമായി ചേർന്ന് എന്നെ ശ്വാസം മുട്ടിച്ചു തുടങ്ങിയിരിക്കുന്നു. അങ്ങനെയാണ് ഞാൻ രണ്ടും കൽപ്പിച്ച് യക്ഷിയെ കാണാൻ തീരുമാനിച്ചത്.

യക്ഷികളുടെ സഞ്ചാര സമയം കേട്ടറിവു പ്രകാരം രാത്രിയാണ്. പക്ഷേ നട്ടുച്ച എന്നൊരു സമയവുമുണ്ടത്രെ. അത്ര സാർവ്വത്രികമല്ല എന്നേ ഉള്ളൂ.

യക്ഷിയുടെ ആഹാരകാര്യത്തിൽ പ്രകടമായ മാറ്റം സംഭവിച്ചിട്ടുണ്ട് എന്ന് ഉറപ്പായിരുന്നെങ്കിലും അത്ഭുതമെന്നു പറയട്ടെ നട്ടുച്ചയാണ് ഞാൻ തെരഞ്ഞെടുത്തത്.

ചുറ്റും നിന്നും കല്ലും മണ്ണും തോണ്ടിയെടുത്ത വിജനതയിൽ ഒറ്റക്കു നിൽക്കുകയായിരുന്നു ആ പാലമരം.

അതിന്റെ ചുവട്ടിൽ ഒരു യക്ഷിത്തറ ഉണ്ടായിരുന്നു. ഭൂമിദേവിയെ ഭയക്കാത്തവർ യക്ഷിയെ ഭയന്നിരിക്കണം. അതു കൊണ്ടാണ് ആ പാലമരവും, അതിന്റെ ചുവട്ടിലായി ഒരു തൂണു പോലെ ഇത്തിരി മണ്ണും ബാക്കിയായത്.

മരച്ചുവട്ടിലെത്തിയ എനിക്ക് ഒരു നീണ്ട നടപ്പിന്റെ കിതപ്പ് ബാക്കിയായിരുന്നു. ചുട്ടു നീറുന്ന വെയിലിൽ കാഴ്ചകൾ മങ്ങിപ്പോകുന്നു. മേൽമണ്ണ് മാറി നഗ്നമായ ഭൂമിയുടെ എല്ലിൻ കൂട്ടിൽ മരവിച്ചു കിടന്ന മൗനം എന്നെ ഇരുത്തി നോക്കി. പരിചിതമല്ലാത്ത ദീർഘനടപ്പിനോട് പൊരുത്തപ്പെടാതെ കാലുകൾ തളർന്നിരുന്നു. ഞാൻ യക്ഷിത്തറയിൽ ഇരിക്കുകയല്ല വീഴുകയായിരുന്നു.

ഇളം കാറ്റിന്റെ ഔദാര്യത്തിൽ ഞാൻ തീർച്ചയായും മയങ്ങിപ്പോയിരിക്കണം. ഒരു അസാധാരണമായ ഗന്ധം ശ്വസിച്ചാണ് ഞാനുണർന്നത്. അത് പാലപ്പൂക്കളുടെ മണമായിരുന്നു. പാലമരം, ഉച്ചക്ക് പൂക്കുമോ എന്നൊന്നും പ്രശ്നമല്ല. അതുണ്ടായിരുന്നു. സാധാരണയിൽ കവിഞ്ഞ് കരുത്ത് വെച്ച ഒരു കാറ്റ് ഏഴു നിലകളിൽ അണിഞ്ഞൊരുങ്ങിയ ആ പാലമരത്തെ വലം വെച്ചിരുന്നു. മരച്ചില്ലകളിലിരുന്ന ഏതാനും കിളികൾ കരഞ്ഞു കൊണ്ട് ആകാശത്തേക്ക് പറന്നു.

യക്ഷി ആഗതയാകുന്നു എന്ന് കൂടിയ നെഞ്ചിടിപ്പോടെ ഞാനറിഞ്ഞു. അപ്പോഴും എനിക്കാ മരത്തിനോട് മതിപ്പ് തോന്നി. ഇക്കാലത്ത് ഒരു യക്ഷിയുടെ വരവിനായി അത്രയെങ്കിലുമൊക്കെ അത് കരുതി വെച്ചല്ലോ.

യക്ഷിയുടെ ഒരു സ്നാപ്പിനായി അരികത്തിരുന്ന ക്യാമറക്കു നേരെ എന്റെ

കൈ നീണ്ടു. യക്ഷി അത് കണ്ടെന്നു തോന്നുന്നു.

“എന്റെ പടം അതില് പതിയില്യ.”

ഒരു മന്ത്രണം പോലെ വന്ന സ്വരം എന്റെ കൈകളെ പിന്തിരിപ്പിച്ചു.

യക്ഷിയുടെ രൂപം വ്യക്തമായിരുന്നില്ല. അത് വെയിലേറ്റ് കൂടിക്കുഴഞ്ഞ് ഒരു നിഴൽ പോലെ തോന്നി.

“എന്തിനാ വന്നത്?”

എടുത്തടിച്ചൊരു മറുപടി പറയാൻ എനിക്കായില്ല. പകപ്പ് പൂർണ്ണമായും മാറിയിട്ടില്ല.

“പേടിക്കാതെ പറയൂ.”

അല്പം നീരസം തോന്നി. പേടിയാണ് എന്ന് യക്ഷി അറിഞ്ഞല്ലോ.

അതല്ല. ഞാൻ പറയാൻ തുടങ്ങി. ഒരു നിമിഷം യക്ഷിയെ എങ്ങിനെ അഭിസംബോധന ചെയ്യുമെന്നറിയാതെ ഞാൻ കുഴങ്ങി.

“ഞാനൊരു പത്രപ്രവർത്തകനാണ്. എനിക്ക് യക്ഷികളെക്കുറിച്ച് ചിലതെല്ലാമറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. സാധിക്കുമെങ്കിൽ ഒരു ഡോക്യുമെന്ററി എടുക്കണം. താങ്കൾ സമ്മതിക്കുമെങ്കിൽ മാത്രം.”

ഞാൻ യക്ഷിയെ ഓട്ടക്കണ്ണിട്ടു നോക്കി. അവിടെ നിന്ന് വിസമ്മതമൊന്നും കണ്ടില്ല. ഞാൻ പേനയും നോട്ടുബുക്കുമെടുത്ത് തയ്യാറായി. ആദ്യത്തെ ചോദ്യം ഞാൻ മുൻപേ മനസ്സിൽ ഉറപ്പിച്ചതാണ്.

“താങ്കളെങ്ങനെയാണ് ഒരു യക്ഷിയായത്. വിരോധമില്ലെങ്കിൽ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.”

“സ്വന്തം ഇഷ്ട പ്രകാരം തന്നെ.”

“സ്വന്തം ഇഷ്ടപ്രകാരമോ?”

“എന്താ സംശയം. എനിക്ക് ഒരു യക്ഷിയാകണമെന്നു തോന്നി ആയി.”

എന്റെ സന്ദേഹം മൗനമായി തുടരുന്നത് കണ്ട് അവൾ വിശദീകരിച്ചു.

“ഇതിലിത്ര അത്ഭുതപ്പെടാനെന്തിരിക്കുന്നു. പഴയ കാലത്ത് ഇതൊക്കെ ഒരു പതിവായിരുന്നു. പലരും പലതും തെരഞ്ഞെടുക്കുന്നില്ലെ. അതുപോലെ. പക്ഷേ വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ ഞങ്ങൾ സ്ത്രീകൾക്ക് എളുപ്പത്തിൽ തെരഞ്ഞെടുക്കാവുന്നതായിരുന്നു ഇത്. പിന്നെ എന്തുകൊണ്ടാണ് ഇന്നത്തെ കാലത്ത് പെണ്ണുങ്ങൾ യക്ഷികളാകാത്തത് എന്നാണെങ്കിൽ വേണ്ടത്ര ഡിമാന്റില്ല എന്നതുകൊണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.”

യക്ഷിയാകുക ഒരു ഓപ്ഷണൽ വിഷയമാണ് എന്നത് എനിക്ക് പുതിയ അറിവായിരുന്നു. മാത്രമല്ല അത് എന്നെ തെല്ല് നിരാശപ്പെടുത്തുകയും ചെയ്തു. എന്റെ മനസ്സിൽ കേട്ടുതഴമ്പിച്ച കഥകളിൽ നിന്ന് മധ്യകാല ഘട്ടത്തിലെ ഒരു കേരളീയ ഗ്രാമം വിരിഞ്ഞു. അവിടെ ആരുടേയും മനം മയക്കുന്ന ഒരു സുരസുന്ദരിയായി യക്ഷിയുടെ പൂർവ്വജന്മം. അവളുടെ


സന ട്രേഡേഴ്സ്

വില്ലേജ് ആഫീസിന് മുൻവശം, അഭയം ബിൽഡിംഗ് – 673307,

കീഴരിയൂർ

PH: 0496 2679560, 8547691859

email: sanakzhryr@gmail.com

ഗ്ലാസ്, പ്ലൈവുഡ്, ഹാർഡ്‌വേർ, ബാംപൂപ്ലൈ, ഇലക്ട്രിക്കൽസ്, പ്ലംബിങ്, സാനിറ്ററി, പെയിന്റ്സ് എന്നിവയുടെ വിപുലമായ ശേഖരം...





ഒരു നോട്ടത്തിനായി പോലും കാത്തുനിൽക്കുന്ന ആൺകൊതികൾ. പിന്നീടെപ്പോഴൊ അരുതാത്തത് സംഭവിക്കുന്നു. ആരൊക്കയോ ചേർന്ന് അവളെ പിച്ചിചീന്തുന്നു. പ്രതികാരദാഹിയായ അവൾ ഒരു യക്ഷിയായി മാറുന്നു. തന്നെ മാനം കെടുത്തിയവരെ ഒന്നൊന്നായ് കൊന്ന് പ്രതികാരം നടത്തുന്നു. ഇങ്ങനെയെല്ലാം പൊടിപ്പും തൊങ്ങലും വെച്ച് എഴുതാനുള്ള അവസരമാണ് ഒറ്റയടിക്ക് യക്ഷി ഇല്ലാതാക്കിയത്.

''അപ്പോൾ നിങ്ങളാരെയും കൊന്ന് ചോര കുടിച്ചിട്ടില്ല.''

യക്ഷി അല്പനേരം നിശബ്ദയായി നിന്നു.

''എന്റെ അറിവിൽ ഞാനെന്നല്ല ഒരു യക്ഷിയും ആരെയും കൊന്നിട്ടില്ല.''

''വിശ്വസിക്കാൻ പ്രയാസമാണ്.''

''എന്തിന് വിശ്വസിക്കാതിരിക്കണം. ഒരു യക്ഷി വിചാരിച്ചാൽ എന്തു നടക്കാനാണ്. ഈ ആണധികാരത്തോട് യുദ്ധം ചെയ്യാൻ പറ്റുമോ. പോകട്ടെ ഒരു മൽപ്പിടുത്തമെങ്കിലും. കഴിയില്ല. കഴിയാവുന്നതോ ഭയത്തിന്റെ ഒരു സാമ്രാജ്യം സൃഷ്ടിക്കുക. അത് പ്രചരിപ്പിക്കുക. അത് ആദ്യകാലഘട്ടങ്ങളിൽ നന്നായി നടന്നു. ഞാൻ പറഞ്ഞില്ലെ ഇപ്പോൾ അതു പോരാ. അതാണ് ഡിമാന്റില്ല എന്ന് മുമ്പേ പറഞ്ഞത്.''

''ഇഷ്ടഭക്ഷണം?''

''യക്ഷികൾ ഭക്ഷണം കഴിക്കാറില്ല.''

''ഇഷ്ടപ്പെട്ട പ്രദേശം?''

''കേരളം.''

''കാരണം?''

''കേരളത്തിന് പുറത്ത് യക്ഷികളില്ല.''

''യഥാർത്ഥ രൂപത്തിൽ നിന്നു കൂടെ?''

''അതെന്തിനാണ്?''

''എന്റെ റിപ്പോർട്ടിന്റെ വിശ്വാസ്യതക്ക് വേണ്ടിയാണ്. ആളെ വ്യക്തമായി കണ്ടു എന്നു പറയാമല്ലോ.''

''അത് പിന്നീടൊരിക്കലാകാം.''

''ആകട്ടെ.''

''ഏകദേശം എത്ര കാലമായിട്ടുണ്ട് യക്ഷിയായിട്ട്.''

''രണ്ടു നൂറ്റാണ്ടോളം.''

''ഓർമ്മയിൽ നിൽക്കുന്ന എന്തെങ്കിലും സംഭവങ്ങൾ.''

'അങ്ങനെ എന്തെല്ലാം. എല്ലാം ഓർമ്മയിലുണ്ട്.'

''തീർത്തും പുരുഷ വിരോധിയാണോ?''

''പുരുഷൻമാരുടെ സഹായമില്ലാതെയും യക്ഷിക്ക് ജീവിക്കാം.''

''അതായത്.''

''അതു തന്നെ. യക്ഷികളുടെ അടക്കാത്ത കാമദാഹത്തെക്കുറിച്ചല്ലേ താങ്കളുദ്ദേശിച്ചത്. എന്റെയറിവിൽ ഒരു യക്ഷിയും ഒരു പുരുഷനോടൊപ്പം ശരീരം പങ്കു വെച്ചിട്ടില്ല.''

എനിക്ക് അതി കഠിനമായ നിരാശ തോന്നി.

ഒരു സാധാരണ മനുഷ്യന്റെ ജീവിത ഗതികളു

മായി എങ്ങിനെയാണ് ഒരു യക്ഷിയെ അവതരിപ്പിക്കുക.

ഇതിലാകട്ടെ മാനഭംഗം, പ്രതികാരം, കൊല , കാമദാഹം ഇതിനൊന്നും ഒരു ഇടവുമില്ല.

വന്നത് വെറുതേയായോ

“നിങ്ങൾക്കെന്താ ഒരു നിരാശ പോലെ.”

“ഏയ് ഒന്നുമില്ല.”

“ഇങ്ങനെ ഒന്നിനേയല്ല നിങ്ങൾ പ്രതീക്ഷിച്ചതല്ലേ.”

“അങ്ങിനെ പറയാനാവില്ല.”

“പത്രക്കാരാ നുണ പറയരുത്. നിങ്ങളുടെ ഉദ്ദേശമൊക്കെ എനിക്കറിയാം. ആദ്യം തന്നെ നിങ്ങളെന്തിനാണ് എന്റെ രൂപം കാണണമെന്നു പറഞ്ഞത്. ചുളുവിൽ ഒരു പെണ്ണുടൽ കാണണമെന്നു മോഹിച്ചല്ലേ.”

അക്ഷരാർത്ഥത്തിൽ ഞാൻ സ്തംഭിച്ചു പോയി.

യക്ഷിക്ക് മനസ്സു വായിക്കാനാകുമെന്ന് എനിക്കറിയില്ലായിരുന്നു.

എത്ര ശ്രമിച്ചിട്ടും തടുക്കാനാകാതെ എന്റെ മനോരാജ്യത്തിലേക്ക് നഗ്നമായ പെണ്ണുടലുകൾ കയറി വരാൻ തുടങ്ങി. ഒപ്പം യക്ഷി ഇതെല്ലാം അറിയുന്നല്ലോ എന്ന ലജ്ജയും. തലയുയർത്താനാകാതെ തളർന്നിരുന്ന എന്റെ കാതിൽ യക്ഷിയുടെ അനുതാപസ്വരം വന്നു വീണു.

“നിങ്ങളിത് ആദ്യത്തെ ആളൊന്നല്ല.”

അതായത് യക്ഷിയെ കാണാൻ വേറെയും ആളുകൾ.

“അങ്ങനെ വരാൻ തുടങ്ങീട്ട് അധികായിട്ടില്ല. എത്രയോ പേർ. ചിലർക്കൊന്ന് കണ്ടാൽ മതി. ചിലർക്ക് സംസാരിച്ചിരിക്കണം. ചിലർക്ക് ഒരു രാത്രി കൂടെക്കഴിയാൻ എത്ര ചെലവു വരുമെന്നറിയണം.”

ഞാൻ സ്തംഭിച്ചു പോയി. യക്ഷിക്കും പണം വാഗ്ദാനം ചെയ്തെന്നോ.

എന്റെ മനസ്സിലൂടെ പല ചിന്തകൾ കടന്നു പോയി. എല്ലാം യക്ഷി അറിയുന്നല്ലോ എന്ന സങ്കടവും. ഓരോ വിചാരവും കൂടുതൽ കൂടുതൽ അരുതായ്മകളിലേക്ക് നീണ്ടു പോകാൻ തുടങ്ങി.


പോകെപ്പോകെ യക്ഷി എന്നെ നോക്കി ചിരിക്കാൻ തുടങ്ങി. കഠിനമായ പരിഹാസം അതിൽ നിഴലിക്കുന്നുണ്ടെന്ന് തോന്നി. അഷ്ടദിക്കുകളും യക്ഷിക്കൊപ്പം ചേർന്നിരിക്കുന്നു. എല്ലായിടത്തും ചിരി മുഴങ്ങുന്നു. സഹി കെട്ട് ഞാൻ ഇരു ചെവിയും പൊത്തി ഔചിത്യമില്ലാതെ അലറുകയായിരുന്നു.

“നിറുത്ത്.”

പെട്ടെന്ന് ചിരി പിടിച്ചു നിറുത്തിയ പോലെ നിന്നു. അന്തരീക്ഷത്തിൽ പരന്ന പൂമണം തിരിച്ച് പാലമരത്തിലേക്ക് കയറിപ്പോയി. മരത്തെ വലം വെച്ച കാറ്റ് ദൂരേക്ക് പോയ്മറഞ്ഞു. ആകാശത്തേക്ക് പറന്ന പക്ഷികൾ തിരികെ വന്ന് എന്നെ തുറിച്ചു നോക്കി.

എനിക്ക് മുന്നിൽ കത്തുന്ന വെയിലും പച്ചപ്പു വറ്റിയ താഴ്വാരത്തിന്റെ എല്ലും , പല്ലും നഖങ്ങളും മാത്രം ബാക്കിയായി.

## പൊതുവിജ്ഞാനം



പി.കെ.എസ്

1. സംസ്ഥാനത്തെ ഗവ.നിയന്ത്രണത്തിലുള്ള ആദ്യ കരിയർ ഡവലപ്മെന്റ് സെന്റർ എവിടെയാണ് സ്ഥാപിതമായത്.
2. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സൗജന്യ കോൾ സൗകര്യം നൽകുന്ന പദ്ധതി ഏതാണ്?
3. ചെറുകോൽപുഴ കൺവെൻഷൻ നടക്കുന്ന കേരളത്തിലെ ജില്ല ഏത്?
4. ഹിന്ദുമത പരിഷത്തിന്റെ 105-ാമത് കൺവെൻഷൻ കോഴഞ്ചേരിയിൽ തുടക്കം കുറിക്കുന്നു. ഈ കൺവെൻഷൻ അറിയപ്പെടുന്നത് ഏത് പേരിൽ.?
5. യുകിഭാംബ്രി ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു.?
6. ലൂവ്ര് മ്യൂസിയം ഏത് പട്ടണത്തിലാണ് ?
7. പ്രഥമ വാഗ്ഭടനാനന്ദ പുരസ്കാരം ആർക്ക്?
8. ഏത് പദ പ്രയോഗമാണ് സർക്കാർ രേഖയിൽ നിന്ന് ഫിബ്രുവരി നാലിന് സംസ്ഥാന ഗവൺമെന്റ് എടുത്തു മാറ്റിയത്.
9. തമിഴ്നാടിന്റെ ചുമതലയുള്ള ഗവർണർ ആര്.
10. ശശികലയുടെ ഓമന പേര് എന്താണ്

*ഉത്തരങ്ങൾ: 1) പേരാമ്പ്ര (കോഴിക്കോട് ജില്ല). 2) സംഹിത 3).പത്തനംതിട്ട. 4) ചെറുകോൽപ്പുഴ കൺവെൻഷൻ 5).ടെന്നീസ് 6).പാരീസ് (ഫ്രാൻസ്) 7).എം.ടി.വാസുദേവൻനായർക്ക്. 8) കീഴാളർ 9).വിദ്യാസാഗർ റാവു 10)ചിന്നമ്മ.*